**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**<u>ഇന്ദിര ആവാസ് യോജന</u>**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 290 — 19.07.2016 ൽ മറുപടിക്ക്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി.വി. അൻവർ**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**<br>**ശ്രീ. വി. ജോയി** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) | കഴിഞ്ഞ സാമ്പത്തിക വർഷം ഇന്ദിര ആവാസ് യോജന പ്രകാരം എത്ര വീടുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2015-16) പട്ടികജാതി വിഭാഗത്തിൽ 18287, പട്ടികവർഗ്ഗ വിഭാഗത്തിൽ 9337, ന്യൂനപക്ഷ വിഭാഗത്തിൽ **17875,** പൊതു വിഭാഗത്തിൽ 13561 എന്നിങ്ങനെ ആകെ 59060 വീടുകളാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ വർഷം അനുവദിച്ച വീട്ടുകൾക്ക് സംസ്ഥാന സർക്കാർ നൽകേണ്ട പദ്ധതി വിഹിതം കൃത്യമായി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) | 2015-16 വർഷത്തെ ഇന്ദിര ആവാസ് യോജന സംസ്ഥാന വിഹിതം രണ്ടാം ഗഡുവായി എസ്.സി.പി. ഇനത്തിൽ 12,77,29,034/- രൂപയും, റ്റി.എസ്.പി. ഇനത്തിൽ 6,03,80,700/- രൂപയും സംസ്ഥാന സർക്കാർ അനുവദിക്കാനുണ്ട്. ഐ.എ.വൈ പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച വീട്ടുകൾക്ക് സംസ്ഥാന സർക്കാർ അധിക ധന സഹായമായി 50,000/-രൂപ വീതം വീടൊന്നിന് നൽകേണ്ടതുണ്ടായിരുന്നു. 2012-13 മുതൽ 2015-16 വരെയുള്ള ബാദ്ധ്യത പരിഹരിക്കുന്നതിനായി സർക്കാർ 500 കോടി രൂപ അനുവദിക്കുകയും ഇതിൽ 400 കോടി രൂപ മൂന്ന് ഗഡുക്കളായി റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാമവികസന കമ്മീഷണറേറ്റിൽ നിന്നും. ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർ വഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ഈ ഇനത്തിൽ ഇനി ബാദ്ധ്യതയായി നിൽക്കുന്ന തുക 161.88 കോടി രൂപയാണ്. |
| (സി) | ഐ.എ.വൈ. പദ്ധതിക്ക് പകരം ആവിഷ്കരിച്ച പി.എം.എ.വൈ. പദ്ധതിയിൽ സംസ്ഥാനത്തിന് അർഹമായ പരിഗണന ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ഇന്ദിര ആവാസ് യോജന പദ്ധതിക്ക് പകരം ആവിഷ്കരിച്ച പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ കേരളത്തിന് അനുവദിച്ച വീട്ടുകളുടെ ഭൗതിക ലക്ഷ്യം മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. കൂടാതെ പൊതു വിഭാഗത്തിന് വീടുകളൊന്നും അനുവദിച്ചിട്ടുമില്ല. |

| | | | |
|---|---|---|---|
| (ഡി) | ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | (ഡി) | ഭവന നിർമ്മാണം പൂർത്തീകരിക്കാനായി ബ്ലോക്ക്/ ജില്ലാതല ഉദ്യോഗസ്ഥർക്ക് അടിയന്തിര തുടർ നടപടികൾ സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ദീർഘകാലമായി മുടങ്ങിക്കിടന്ന വീടുകൾ സന്നദ്ധ സംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തി ഭവന നിർമ്മാണ പൂർത്തീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**